**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2023 തീയതി. 27.11.2023

## സർക്കുലർ

**ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക്,**

**വിഷയം:** സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ പ്രായോഗിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ - സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഉയർന്ന ഗുണമേന്മ കൈവരിക്കുന്നതിനും സഹായകമായ കാര്യപ്രാപ്തി വികസന പരിപാടികൾക്ക് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പരിശ്രമങ്ങൾ നടത്തി വരികയാണ്. സംസ്ഥാനത്താകെ ഏകീകൃതമായ ധാരണയോടുകൂടിയും തികഞ്ഞ വ്യക്തതയോടുകൂടിയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് റിസോഴ്സ് പേഴ്സൺമാർക്ക് കഴിയേണ്ടതുണ്ട്. സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രായോഗിക പ്രശ്നങ്ങളും സംശയങ്ങളും റിസോഴ്സ് പേഴ്സൺമാർക്ക് ഉണ്ടാവുക സ്വാഭാവിക മാണ്. ഇതിന് പരിഹാരം കാണുന്നതിനും പ്രവർത്തനങ്ങളിൽ കൂടുതൽ വ്യക്തത രൂപപ്പെടുത്തു ന്നതിനും സഹായകമായ ഒരു കൈപ്പുസ്തകം "ചോദ്യങ്ങളും ഉത്തരങ്ങളും" എന്ന രൂപത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് എസ്.എ.യു തീരുമാനിച്ചിട്ടുണ്ട്.

**താഴെപ്പറയുന്ന വിവിധ മേഖലകളുമായി ബന്ധപ്പെട്ട ചോദ്യങ്ങളും അതിന്റെ ഉത്തരങ്ങളുമാണ് ഈ കൈപ്പുസ്തകത്തിന്റെ ഉള്ളടക്കം.**

- സോഷ്യൽ ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ
- സോഷ്യൽ ഓഡിറ്റ് മുന്നൊരുക്ക പ്രവർത്തനങ്ങൾ
- ഫയൽ വെരിഫിക്കേഷൻ
- ഫീൽഡ് വെരിഫിക്കേഷൻ
- പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, എം.ബുക്ക്, ബില്ല് തുടങ്ങിയവ
- പഞ്ചായത്തുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, രേഖകൾ
- എം.ജി.എൻ.ആർ.ഇ.ജി.എസ്. ആസൂത്രണം, അനുവദനീയമായ പ്രവൃത്തികൾ, തൊഴിലാളി കളുടെ അവകാശങ്ങൾ
- എൻട്രി മീറ്റിംഗ്, സംഘാടനം, നടത്തിപ്പ്
- എക്സിറ്റ് മീറ്റിംഗ് സംഘാടനം, നടത്തിപ്പ്

- ഓഡിറ്റ് നോട്ട് തയ്യാറാക്കൽ
- കമ്മ്യൂണിറ്റി മൊബെലൈസേഷൻ
- ഗ്രാമസഭകളുടെ സംഘാടനം, നടത്തിപ്പ്
- പബ്ലിക് ഹിയറിംഗ്: സംഘാടനം, നടത്തിപ്പ്
- ഗ്രാമസഭാ റിപ്പോർട്ട്, പബ്ലിക് ഹിയറിംഗ് റിപ്പോർട്ട് തയ്യാറാക്കൽ
- സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ (എം.ഐ.എസ്സ്) പട്ടികപ്പെടുത്തൽ
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എം.ഐ.എസ്സിൽ രേഖപ്പെടുത്തൽ
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ- എ.റ്റി.ആർ. ക്ലോഷർ
- റിസോഴ്സ് പേഴ്സൺമാരുടെ ദൈനംദിന പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ
- റിസോഴ്സ് പേഴ്സൺമാരുടെ വേതനം കണക്കാക്കുന്നതിനുള്ള മാനദണ്ഡം
- പഞ്ചായത്തുമായുള്ള പരസ്പര ബന്ധം

മുകളിൽ സൂചിപ്പിക്കപ്പെട്ട മേഖലകളുമായി ബന്ധപ്പെട്ട് റിസോഴ്സ്പേഴ്സൺമാർ നിരന്തരം ഉന്നയിക്കുന്നതും വ്യക്തത വരുത്തേണ്ടതുമായ ചോദ്യങ്ങൾ/സംശയങ്ങൾ രേഖപ്പെടുത്തി ഒരാഴ്ചയ്ക്കകം എസ്.എ.യു.വിലേക്ക് അറിയ്ക്കണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി:

എല്ലാ ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും/ബി.ആർ.പി.ഇൻചാർജ്ജ്മാർക്കും